പാപ്പിനിശ്ശേരി കണ്ടൽപാർക്ക് ആവാസ വ്യവസ്ഥയ്ക്ക് ഭീഷണി

ശശിധരൻ മങ്കത്തിൽ

◆ അന്തിമ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചു ◆

കോഴിക്കോട്: സി.പി.എം. നിയന്ത്രണത്തിലുള്ള പാപ്പിനിശ്ശേരി ഇക്കോ ടൂറിസം സൊസൈറ്റി കണ്ടൽ തീം പാർക്കിനായി 1.63 ഏക്കർ സ്ഥലത്ത് അനധികൃത നിർമാണം നടന്നതായി തീരദേശ മേഖലാ മാനേജ്മെൻറ് അതോറിറ്റി കണ്ടെത്തി.

പാർക്കിൻെറ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള റിപ്പോർട്ട് ബുധനാഴ്ച കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചു. തീരദേശ നിയന്ത്രണമുള്ള ഭാഗത്തെ ഒന്നാം മേഖലയിൽപ്പെടുന്ന (സി.ആർ.സെഡ്-1) ഈ പ്രദേശത്ത് ഒരു തരത്തിലുള്ള നിർമാണ പ്രവർത്തനവും പാടില്ല എന്നാണ് ചട്ടം. പക്ഷേ, യാതൊരു അനുമതിയുമില്ലാതെയാണ് പാർക്ക് നിർമിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു.

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി പഞ്ചായത്തിൽപ്പെട്ട 1.63 ഏക്കർ സ്ഥലത്താണ് പാർക്ക് നിർമിച്ചിരിക്കുന്നത്. ഇതിൽ 35 സെൻറ് ഭൂമിയിൽ ഇടതൂർന്ന കണ്ടൽവനമാണ്. ബാക്കി 1.28 ഏക്കർ മൺതിട്ടയിൽ അങ്ങിങ്ങായിട്ടാണ് കണ്ടലുകളുള്ളത്. ഇതിൻെറ പലഭാഗങ്ങളും വെട്ടിയാണ് റോഡും നടപ്പാലവും വഴികളും കുട്ടികളുടെ കളിസ്ഥലവും നിരീക്ഷണ ടവറും, മീറ്റിങ് ഹാളും മറ്റും നിർമിച്ചിരിക്കുന്നത്. ഈ നിർമാണ പ്രവർത്തനങ്ങൾ കണ്ടൽ കാടിനെയും ഇതിലെ ആവാസ വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുമെന്ന് റിപ്പോർട്ടിൽ പറയുന്നു.

വളപട്ടണം പുഴയരികിലെ വേലിയേറ്റ പ്രദേശത്തെ മൺതിട്ടകൾ കുഴിച്ചാണ് ബോട്ടിങ്ങിനുള്ള സ്ഥലവും ബോട്ടുജെട്ടിയും ഉണ്ടാക്കിയിരിക്കുന്നത്. കോൺക്രീറ്റ് പടികൾ ഉള്ളതാണ് ബോട്ട് ജെട്ടി. ചെടികളുടെ നഴ്സറി, അക്വേറിയം, കുളം എന്നിവയും ഇത്തരത്തിലാണ് നിർമിച്ചിരിക്കുന്നത്. ഇതെല്ലാം 1991-ലെ തീരദേശ നിയന്ത്രണ നിയമത്തിൻെറ ലംഘനമാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മാത്രമല്ല 2008-ലെ നീർത്തട-നെൽവയൽ സംരക്ഷണ നിയമം കൂടി ലംഘിച്ചതായും റിപ്പോർട്ട് പറയുന്നു.

12തരം കണ്ടൽ ചെടികളുടെ വനമാണിത്. 15തരം ദേശാടനപക്ഷികളും വംശനാശ ഭീഷണി നേരിടുന്ന നാല് ഇനങ്ങളും അടക്കം ഒട്ടേറെ പക്ഷിയിനങ്ങളുടെ വിഹാരകേന്ദ്രമാണിത്. 24 മണിക്കൂറും തുറക്കുന്ന പാർക്കിലെ വൈദ്യുതി വിളക്കുകളും ജനസഞ്ചാരവും പക്ഷികളുടെ സ്വൈരവിഹാരത്തെ പ്രതികൂലമായി ബാധിക്കും. മാത്രമല്ല ആളുകൾ കണ്ടലിൻെറ ഇലകൾ പറിച്ച് നശിപ്പിക്കുന്നതും ശബ്ദമുണ്ടാക്കുന്നതും ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയാകുന്നു. മൺതിട്ടകൾ അമർന്നുപോകുന്നതും മാലിന്യം കുന്നുകൂടുന്നതും ഈ പ്രദേശത്തിൻെറ പാരിസ്ഥിതിക നിലനില്പിന് ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുമെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. സർക്കാർ നിയോഗിച്ച ശാസ്ത്രജ്ഞരുടെ സംഘമാണ് പാർക്ക് സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയത്. അതോറിറ്റി ചെയർമാനും സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറുമായ ഡോ. സി.ടി.എസ്. നായർ ബുധനാഴ്ചയാണ് റിപ്പോർട്ട് നൽകിയത്.

എന്നാൽ പാപ്പിനിശ്ശേരിയിൽ മാത്രമല്ല കണ്ടൽക്കാടുകൾ നശിപ്പിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ പലേടത്തും കണ്ടൽക്കാടുകൾ വ്യാപകമായി കൈയേറിയിട്ടുണ്ട്. ഇതിൻെറ പശ്ചാത്തലത്തിൽ കേരളത്തിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് അടിയന്തര നടപടി വേണമെന്നും റിപ്പോർട്ടിൽ ശുപാർശയുണ്ട്.

തൽസ്ഥിതിക്ക് എതിരായ അപേക്ഷ ഇന്ന് പരിഗണിച്ചേക്കും

കൊച്ചി: പാപ്പിനിശ്ശേരിയിലെ കണ്ടൽ പാർക്കിൽ തൽസ്ഥിതി തുടരാനുള്ള ഉത്തരവിനെ ചോദ്യം ചെയ്ത് ഇക്കോ സൊസൈറ്റി നൽകിയ അപേക്ഷ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യാഴാഴ്ച പരിഗണിക്കാനായി മാറ്റി. കണ്ടൽപാർക്ക് പരിസ്ഥിതിനാശം വരുത്തിയെന്നു കാണിച്ച് യൂത്ത് ലീഗ് നേതാവ് അൻസാരി തില്ലങ്കേരി നൽകിയ ഹർജിയിലാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് നിലവിലുള്ള സ്ഥിതി തുടരാൻ കഴിഞ്ഞ ദിവസം ഉത്തരവിട്ടത്.

■ ഡിസംബർ മുതൽ തുടങ്ങും ■

ജാതി സെൻസസിന് കേന്ദ്ര അംഗീകാരം

ന്യൂഡൽഹി: ജാതിസെൻസസിന് കേന്ദ്രസർക്കാർ അംഗീകാരം നൽകി. ബുധനാഴ്ച നടന്ന മന്ത്രിസഭാ ഉപസമിതിയാണ് ഡിസംബർ മുതൽ ജാതി അടിസ്ഥാനമാക്കി സെൻസസ് ആരംഭിക്കാൻ തീരുമാനിച്ചത്. 1931-ന് ശേഷം ആദ്യമായാണ് ഇന്ത്യയിൽ ജാതി സെൻസസ് നടക്കുക. പ്രണബ് മുഖർജി അധ്യക്ഷനായുള്ള മന്ത്രിസഭാ സമിതിയാണ് ഈ തീരുമാനമെടുത്തത്. ശരദ്പവാർ, എ.കെ.ആൻറണി, പി. ചിദംബരം, മമതബാനർജി, വീരപ്പമൊയ്‌ലി, ഫാറൂഖ് അബ്ദുള്ള, ദയാനിധിമാരൻ, കപിൽസിബൽ, മുകുൾ വാസ്നിക്, സൽമാൻ ഖുർഷിദ് എന്നിവർ സമിതിയിൽ അംഗങ്ങളാണ്.

സമാജ്‌വാദിപാർട്ടിയും രാഷ്ട്രീയ ജനതാദളും ജെ.ഡി.യു.വും ഇതിനായി സർക്കാറിൽ സമ്മർദം ചെലുത്തി. ബി.ജെ.പി.യും കഴിഞ്ഞ ദിവസങ്ങളിൽ ജാതിസെൻസസിനനുകൂലമായ നിലപാട് പ്രഖ്യാപിച്ചിരുന്നു. ഒരുതവണ മാത്രമായിരുന്നു ഇതു സംബന്ധിച്ച മന്ത്രിതലസമിതി യോഗം ചേർന്നത്. ഇതിൽ ശക്തമായ അഭിപ്രായവ്യത്യാസം ഉണ്ടായതിനെത്തുടർന്നാണ് സമവായത്തിന് ശ്രമം തുടങ്ങിയത്. സർക്കാറിനുള്ളിലും കോൺഗ്രസ്സിലും ഇതു സംബന്ധിച്ച ധാരണ അടുത്ത ദിവസങ്ങളിലാണ് ഉരുത്തിരിഞ്ഞത്. പാർട്ടിക്കുള്ളിലെ ശക്തമായ അഭിപ്രായവ്യത്യാസം മറികടന്നാണ് കഴിഞ്ഞ ദിവസങ്ങളിൽ ബി.ജെ.പി.യും ജാതിസെൻസസിന് അനുകൂലമായി നിലപാടെടുത്തത്. ജാതി സെൻസസ് അവകാശപ്പെട്ട് പാർലമെൻറിലെ പിന്നാക്കവിഭാഗം എം.പി.മാരുടെ ഫോറം അടുത്തിടെ പ്രധാനമന്ത്രിക്ക് നിവേദനം നൽകിയിരുന്നു.

◆ കാലാവസ്ഥ ◆

തിരുവനന്തപുരം: കേരളത്തിൽ ചില സ്ഥലങ്ങളിൽ മഴപെയ്യാൻ സാധ്യത.

സ്ഥലം	കൂടിയ ചൂട്	കുറഞ്ഞ ചൂട്	പെയ്ത മഴ	ജൂൺ1 മുതൽ പെയ്ത മഴ
	ഡിഗ്രി സെൽഷ്യസ്		മില്ലിമീറ്റർ	
ആലപ്പുഴ	31	26	0	1096
കണ്ണൂർ	31	25	2	2155
കോഴിക്കോട് വിമാനത്താവളം	29	24	0	1632
കൊച്ചി വിമാനത്താവളം	31	24	1	1591
കോട്ടയം	32	24	-	1311
കോഴിക്കോട്	31	25	0	1892
പുനലൂർ	31	21	0	874
തിരുവനന്തപുരം വിമാനത്താവളം	31	25	0	547
തിരുവനന്തപുരം സിറ്റി	33	24	0	504

◆ ഇന്നറിയാൻ ◆

◆ രാവിലെ 10 മുതൽ 5 മണി വരെ മൊകവൂർ ട്രാൻസ്ഫോർമറിൻെറ പരിധിയിലും പത്തു മുതൽ ഒന്നു വരെ പാവങ്ങാട്, പുതിയങ്ങാടി, പാലക്കട എ.ഐ.ആർ. പരിസരങ്ങളിലും വൈദ്യുതി മുടങ്ങും.

ഗുരുവായൂർ ക്ഷേത്രത്തിൽ ഇല്ലംനിറയ്ക്ക് കതിർക്കറ്റകൾ കീഴ്ശാന്തിക്കാർ ശിരസ്സിലേറ്റി നാലമ്പലത്തിനകത്തേക്ക് എഴുന്നള്ളിക്കുന്നു

ഗുരുവായൂരപ്പസന്നിധിയിൽ സമൃദ്ധിയുടെ നിറകതിർ

ഗുരുവായൂർ: ഐശ്വര്യത്തിൻേറയും സമൃദ്ധിയുടേയും വരവറിയിക്കുന്ന ഇല്ലംനിറയായിരുന്നു ഗുരുവായൂർ ക്ഷേത്രത്തിൽ ബുധനാഴ്ച. കന്നിക്കൊയ്ത്ത് കഴിഞ്ഞു കൊണ്ടുവന്ന നെൽക്കതിരിനെ ശംഖധ്വനിയോടെ വരവേറ്റു. തീർത്ഥക്കുളിർമ്മ നൽകി കുത്തുവിളക്കിൻെറ ചൈതന്യപ്രഭയിൽ ഭഗവാൻെറ സന്നിധിയിലേക്ക് കതിരുകൾ ആനയിച്ചപ്പോൾ ഭക്തമനസ്സുകളിൽ ഉത്സവാരവം അലയടിച്ചു.

കിഴക്കേ ഗോപുരത്തിനു മുന്നിൽ അരിമാവ് അണിഞ്ഞ് നാക്കിലകൾവെച്ച് കതിർക്കറ്റകൾ രാവിലെ 6.50ന് സമർപ്പിച്ചതോടെയായിരുന്നു ചടങ്ങിൻെറ തുടക്കം.

പാരമ്പര്യ അവകാശികളായ അഴിക്കൽ ദാമോദരൻ നായരും മനയത്ത് രാമകൃഷ്ണൻ നായരും സതീശനും കൃഷ്ണകുമാറും സഹായികളും തറ്റുടുത്ത് കതിർ തലയിലേറ്റി ദീപസ്തംഭത്തെ മൂന്നു വലംവെച്ച് സമർപ്പണം നടത്തി. ശംഖധ്വനി ഉയർന്നതോടെ കതിരിന് തീർത്ഥം തെളിച്ചു. ഉണക്കലരി നിറച്ച ഓട്ടുരുളിയിൽ ആദ്യകറ്റ എടുത്തുവെച്ചു.

ശാന്തിയേറ്റ കീഴ്ശാന്തിക്കാരായ ചെറുതയൂർ ഉണ്ണികൃഷ്ണൻ നമ്പൂതിരി, മഞ്ചിറ ശ്രീകൃഷ്ണൻ നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ 50ഓളം കീഴ്ശാന്തിക്കാർ കതിർക്കറ്റകൾ ശിരസ്സിലേറ്റി നാലമ്പലത്തിനകത്തേക്ക് എഴുന്നള്ളിച്ചു.

മേൽശാന്തി ഉണ്ണികൃഷ്ണൻ നമ്പൂതിരി ശ്രീഭഗവതിയെ ധ്യാനിച്ച് കതിരിനെ പൂജിച്ചു. തന്ത്രി ചേന്നാസ് സതീശൻ നമ്പൂതിരിപ്പാട് ഉപദേശകനായി. ക്ഷേത്രത്തിൽ തൃപ്പുത്തരി ഞായറാഴ്ച നടക്കും.

ആൻഡേഴ്സൻെറ മോചനം: രാജീവ്ഗാന്ധിക്ക് അർജുൻ സിങ്ങിൻെറ 'ക്ലീൻ ചിറ്റ്'

ന്യൂഡൽഹി: ഭോപ്പാൽ വാതക ദുരന്തക്കേസിലെ പ്രതി യൂണിയൻ കാർബൈഡ് കമ്പനി മുൻചെയർമാൻ വാറൻ ആൻഡേഴ്സൻ ഇന്ത്യ വിടാനിടയായ സംഭവത്തിൽ അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധിക്ക് മധ്യപ്രദേശ് മുഖ്യമന്ത്രിയായിരുന്ന അർജുൻ സിങ്ങിൻെറ ക്ലീൻ ചിറ്റ്.

അറസ്റ്റിലായ ആൻഡേഴ്സനെ മോചിപ്പിക്കാൻ സമ്മർദം ചെലുത്തിയത് കേന്ദ്ര ആഭ്യന്തരമന്ത്രാലയമായിരുന്നു എന്ന് അർജുൻ സിങ് പറഞ്ഞു. ഈ വിഷയത്തിൽ ഇതുവരെ മൗനിയായിരുന്നു അദ്ദേഹം.

പി.വി. നരസിംഹറാവുവായിരുന്നു അന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി. റാവുവിൻെറ പേര് പറയാതെ തന്നെ ആൻഡേഴ്സൻെറ മോചനത്തിൻെറ ഉത്തരവാദിത്വം അദ്ദേഹത്തിനാണെന്ന് സൂചിപ്പിച്ചിരിക്കുകയാണ് സിങ്. ആൻഡേഴ്സൻെറ മോചനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ രാജീവ്ഗാന്ധിക്ക് ഒരു പങ്കുമില്ലെന്നും അർജുൻ സിങ് അവകാശപ്പെട്ടു.

രാജ്യസഭയിൽ ഭോപ്പാൽ വാതക ദുരന്തത്തെക്കുറിച്ച് നടന്ന ചർച്ചയിലാണ് അർജുൻ സിങ് തൻെറ മൗനം ഭഞ്ജിച്ചത്. വളരെക്കാലത്തിനു ശേഷമാണ് അർജുൻ സിങ് രാജ്യസഭയിൽ എത്തിയത്.

ഭോപ്പാലിൽ അറസ്റ്റിലായ വാറൻ ആൻഡേഴ്സന് ജാമ്യം നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്രആഭ്യന്തരമന്ത്രാലയ ഉദ്യോഗസ്ഥരിൽ നിന്ന് നിരന്തരമായി ഫോൺവിളികൾ വരുന്നതായി അന്ന് ചീഫ് സെക്രട്ടറിയായിരുന്ന ബ്രഹ്മസ്വരൂപ് തന്നെ അറിയിച്ചു. യുക്തമായ തീരുമാനം എടുക്കാൻ താൻ ചീഫ് സെക്രട്ടറിയോട് പറഞ്ഞു.

84 ഡിസംബർ ആറിന് ആൻഡേഴ്സൻ അറസ്റ്റിലായെന്ന് മധ്യപ്രദേശിലെ ഹർസുഖ് പട്ടണത്തിൽ പ്രചാരണത്തിലായിരുന്ന പ്രധാനമന്ത്രി രാജീവ്ഗാന്ധിയെ ഇക്കാര്യം താൻ അറിയിച്ചു. ആൻഡേഴ്സന് അനുകൂലമായി ഒരു വാക്കുപോലും രാജീവ്ഗാന്ധി പറഞ്ഞിട്ടില്ല - അർജുൻ സിങ് പറഞ്ഞു.

ആൻഡേഴ്സൻെറ അറസ്റ്റ് ഉൾപ്പെടെയുള്ള സംഭവങ്ങളുടെ ഉത്തരവാദിത്വം തനിക്കാണ്. മറ്റാരെയും പഴിചാരാൻ ആഗ്രഹിക്കുന്നില്ല - അർജുൻ സിങ് പറഞ്ഞു.

ആൻേറഴ്സൻ സ്ഥലത്തെത്തി എന്നറിഞ്ഞാൽ ജനങ്ങൾ ആയാളെ തല്ലിക്കൊല്ലും എന്ന് ഉറപ്പായിരുന്നു. അയാളുടെ സുരക്ഷ ഉറപ്പുവരുത്തുന്നത് തൻെറ ചുമതലയായിരുന്നു. 26 വർഷത്തിനു ശേഷം, ആ സംഭവങ്ങൾ ഹൃദയത്തെ വേദനിപ്പിക്കുന്നു-അർജുൻസിങ് പറഞ്ഞു.

അമേരിക്കയിൽ കഴിയുന്ന ആൻഡേഴ്സനെ വിട്ടുകിട്ടാൻ പ്രധാനമന്ത്രി അമേരിക്കൻ പ്രസിഡൻറ് ബറാക് ഒബാമയുമായി സംസാരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ, ആൻഡേഴ്സൻ ഇന്ത്യ വിടാൻ സാഹചര്യം ഒരുക്കിയതിൻെറ എല്ലാ ഉത്തരവാദിത്വവും മരിച്ച വ്യക്തികളിൽ ആരോപിക്കുകയാണ് അർജുൻസിങ് ചെയ്യുന്നതെന്ന് ബി.ജെ.പി. കുറ്റപ്പെടുത്തി.

അർജുൻസിങ് പ്രസംഗം പൂർത്തിയാക്കിയ ഉടൻ രാജ്യസഭയിൽ പ്രതിപക്ഷ നേതാവ് അരുൺജെയ്റ്റ്ലിയാണ് ഇക്കാര്യം പറഞ്ഞത്. ജീവിച്ചിരിപ്പില്ലാത്ത ചീഫ് സെക്രട്ടറിയെയും ആഭ്യന്തര മന്ത്രാലയത്തിലെ ആരും അറിയാത്ത ഉദ്യോഗസ്ഥരെയുമാണ് അർജുൻസിങ് പ്രതിക്കൂട്ടിൽ നിർത്തുന്നത്.

പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധിക്ക് ആൻഡേഴ്സനോട് സഹാനുഭൂതി ഇല്ലായിരുന്നുവെങ്കിൽ അദ്ദേഹത്തെ മോചിപ്പിക്കാനുള്ള ആഭ്യന്തരമന്ത്രാലയത്തിൻെറ ഉപദേശം എന്തിന് സ്വീകരിച്ചു -ജെയ്റ്റ്ലി ചോദിച്ചു.

ഫാക്ടറിയിൽ തീപ്പിടിത്തം: മലയാളി ഉൾപ്പെടെ ആറ് ഇന്ത്യക്കാർ മരിച്ചു

എൻ. വിജയ്മോഹൻ

ദുബായ്: ദുബായിലെ അൽകൂസിൽ ഒരു പെർഫ്യൂം നിർമാണ ഫാക്ടറിക്ക് തീപിടിച്ച് 11പേർ മരിച്ചു. ഇതിൽ ഒരു മലയാളി ഉൾപ്പെടെ ആറുപേർ ഇന്ത്യക്കാരാണ്. കുറ്റിപ്പുറം വെള്ളറത്തു അബ്ദുൽ റഹ്മാൻ (23) ആണ് മരിച്ചത്. സംഭവം സംബന്ധിച്ച് യു.എ.ഇ.പൗരനെയും രണ്ട് ഇന്ത്യക്കാരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഫാക്ടറിയോടനുബന്ധിച്ച് ആയിരുന്നു വേർഹൗസും തൊഴിലാളികളുടെ പാർപ്പിട സ്ഥലവും. ഇത് നിയമ വിരുദ്ധമാണ്. ഫാക്ടറി കോമ്പൗണ്ടിൽ താമസസൗകര്യം ഒരുക്കരുതെന്നു നിയമം ഉണ്ട്. പുകശ്വസിച്ചാണ് തൊഴിലാളികൾ മരിച്ചതെന്ന് പോലീസ് പറഞ്ഞു.

വ്യാജ പാസ്പോർട്ട്: രണ്ടുപേർ പിടിയിൽ

കരിപ്പൂർ: വ്യാജ പാസ്പോർട്ടിൽ കോഴിക്കോട് വിമാനത്താവളം വഴി കടക്കാൻ ശ്രമിച്ച രണ്ടുപേർ എമിഗ്രേഷൻ വിഭാഗത്തിൻെറ പിടിയിലായി. കാസർകോട് സ്വദേശികളായ കുമ്പള അടിക്കാടി അബ്ദുൾഖാദർ (51), വിദ്യാനഗർ പള്ളിക്കുന്ന് കരീം (29) എന്നിവരെയാണ് ബുധനാഴ്ച എമിഗ്രേഷൻ വിഭാഗം പിടികൂടിയത്. യു.എ.ഇ മേഖലയിൽനിന്നുള്ള വിമാനത്തിലാണ് കോഴിക്കോട്ടെത്തിയത്.

പഞ്ചായത്ത് രാജിനെപ്പറ്റി രാജീവ്ഗാന്ധി സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസിൽ നടത്തിയ ശില്പശാല കേന്ദ്രഗ്രാമവികസനമന്ത്രി സി. പി. ജോഷി ഉദ്ഘാടനം ചെയ്യുന്നു

കേന്ദ്രപദ്ധതികളുടെ നടത്തിപ്പ്: കേരളം പിന്നിൽ -കേന്ദ്രമന്ത്രി

തിരുവനന്തപുരം: തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള കേന്ദ്ര സർക്കാരിൻെറ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിൽ കേരളം ഗുരുതരമായ വീഴ്ച കാണിക്കുന്നുവെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രി ഡോ. സി. പി. ജോഷി.

ദാരിദ്ര്യനിർമാർജന പദ്ധതികൾക്കായി കേന്ദ്രം വകയിരുത്തുന്ന വിഹിതംപോലും സംസ്ഥാന സർക്കാർ ചെലവഴിക്കുന്നില്ല. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരിൻെറ വിഹിതം ചെലവഴിക്കേണ്ടിവരുന്നുമില്ല.

രാജീവ്ഗാന്ധി സെൻറർ ഫോർ ഡെവലപ്മെൻറ് സ്റ്റഡീസിൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്ത് രാജിനെക്കുറിച്ച് സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനക്ഷേമകരമായ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിൽ കുറ്റകരമായ അനാസ്ഥ പുലർത്തുമ്പോൾ തന്നെ കേന്ദ്രവിഹിതം സംസ്ഥാനത്തിൻെറ ഔദാര്യമെന്ന നിലയിലാണ് വിനിയോഗിക്കുന്നത്. കേന്ദ്രത്തിൻെറ ചെലവിൽ മേനി നടിക്കുകയാണ് സംസ്ഥാന സർക്കാർ. പഞ്ചായത്ത് രാജിൻെറയും വികേന്ദ്രീകരണത്തിൻെറയും കാര്യത്തിൽ ആദ്യഘട്ടത്തിൽ കേരളമാണ് മുന്നിട്ടു നിന്നത്. എന്നാൽ പഞ്ചായത്തുകൾവഴി നടപ്പാക്കേണ്ട കേന്ദ്ര പദ്ധതികളുടെ കാര്യമെടുത്താൽ കേരളത്തെ മാതൃകയായി കാണാനാകില്ല. വികസന രംഗത്ത് പിന്നാക്കം നിൽക്കുന്ന സംസ്ഥാനങ്ങളുടെ പിന്നിലാണ് കേരളത്തിൻെറ സ്ഥാനം.

തൊഴിലുറപ്പ് പദ്ധതിയിൽ വേതനത്തിൻെറ കാര്യത്തിൽ 85 ശതമാനം തുകയേ വിനിയോഗിച്ചിട്ടുള്ളൂ. ഇതാകട്ടെ കേന്ദ്രവിഹിതമാണ്. വേതനമിനത്തിൽ സംസ്ഥാന സർക്കാരിൻെറ വിഹിതമായി നയാപൈസ കേരളം മാറ്റിവെയ്ക്കുകയോ വിനിയോഗിക്കുകയോ ചെയ്തിട്ടില്ല. ഈ പദ്ധതിയിലെ നിർമാണകാര്യങ്ങൾക്കായി ചെലവിട്ട പണം 40 ശതമാനം മാത്രമാണ്. ഇത്രയും ഗുരുതരമായ വീഴ്ച വരുത്തുമ്പോഴും തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ നൽകുന്നത് സംസ്ഥാന സർക്കാരാണെന്ന പ്രചാരണവും സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്.

ജനപ്രതിനിധികളുടെ അധികാരം കവരുന്ന വിദഗ്ധ സമിതികൾ, യു. ഡി. എഫ്. അധികാരത്തിൽ വന്നാൽ പിരിച്ചുവിടുമെന്ന് അധ്യക്ഷതവഹിച്ച കെ.പി.സി.സി. പ്രസിഡൻറ് രമേശ് ചെന്നിത്തല പറഞ്ഞു. ശാസ്ത്രസാഹിത്യപരിഷത്തിൻെറയും പാർട്ടി സംഘടനകളുടെയും പ്രവർത്തകരെ കുത്തിനിറച്ച വിദഗ്ധസമിതികൾ പഞ്ചായത്ത് ഭരണം മാർക്സിസ്റ്റുവത്കരിക്കുകയാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് ഇടതുഭരണത്തിൽ 70-72 ശതമാനം തുകമാത്രമേ ചെലവഴിക്കാൻ കഴിഞ്ഞുള്ളൂവെന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി പറഞ്ഞു.

മുൻചീഫ് സെക്രട്ടറി വി. രാമചന്ദ്രൻ, ഡോ. ബി.എ. പ്രകാശ് എന്നിവർ ക്ലാസ്സെടുത്തു.

യു.ഡി.എഫ്. കൺവീനർ പി.പി. തങ്കച്ചൻ, ആര്യാടൻ മുഹമ്മദ് എം.എൽ.എ. എന്നിവർ സംസാരിച്ചു. തെന്നല ബാലകൃഷ്ണപിള്ള, ജി. കാർത്തികേയൻ, എം.എം.ഹസ്സൻ, കെ.സി. ജോസഫ്, കെ.സി.രാജൻ, എൻ.വേണുഗോപാൽ, പ്രൊഫ. ജി. ബാലചന്ദ്രൻ, ലതികാ സുഭാഷ്, ജോസ് കാട്ടൂക്കാരൻ, ജോസി സെബാസ്റ്റ്യൻ എന്നിവർ സംബന്ധിച്ചു.

■ മഅ്ദനിയുടെ അറസ്റ്റ് ■

കേരളം വാക്കുപാലിക്കണമെന്ന് കർണാടകം

എൻ.എസ്. ബിജുരാജ്

ബാംഗ്ലൂർ: മഅ്ദനിയുടെ അറസ്റ്റ് സംബന്ധിച്ച് കേരളം നൽകിയ ഉറപ്പ് പാലിക്കണമെന്ന് കർണാടക ആഭ്യന്തരമന്ത്രി വി.എസ്. ആചാര്യ. കർണാടക പോലീസ് കൊല്ലത്തെത്തിയത് കേരള ആഭ്യന്തരവകുപ്പിനെ അറിയിക്കാതെയാണെന്ന മന്ത്രി കോടിയേരി ബാലകൃഷ്ണൻെറ അഭിപ്രായത്തോട് ബാംഗ്ലൂരിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ഇരുസംസ്ഥാനങ്ങളിലെയും ആഭ്യന്തരവകുപ്പുകൾ തമ്മിൽ മികച്ച ബന്ധമാണിപ്പോഴുള്ളത്. മഅ്ദനിയുടെ അറസ്റ്റിന് സഹകരിക്കാമെന്ന് കേരളാ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ നേരത്തേ ഉറപ്പുതന്നിരുന്നതാണ്. കേരളം ആ ഉറപ്പ് പാലിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബാംഗ്ലൂർ സിറ്റി പോലീസ് സംഘം കൊല്ലത്തെത്തിയത്. മഅ്ദനിയെ അറസ്റ്റുചെയ്യുന്നതിന് സഹായം നൽകുന്നതിനുള്ള ഉത്തരവാദിത്വം കേരള പോലീസിനുണ്ട്. അവരിൽ നിന്ന് നല്ല സഹകരണമാണ് പ്രതീക്ഷിക്കുന്നതെന്നും വി.എസ്. ആചാര്യ പറഞ്ഞു. അതേസമയം മഅ്ദനിക്കെതിരെയുള്ള നീക്കത്തിൽ ബി.ജെ.പി. യുടെ രാഷ്ട്രീയ ഗൂഢാലോചനയുണ്ടെന്ന ആരോപണം അദ്ദേഹം നിഷേധിച്ചു. കേസിൻെറ അന്വേഷണത്തിൽ ഒരു ഘട്ടത്തിലും കർണാടക സർക്കാർ ഇടപെട്ടിട്ടില്ല. ഇനി ഇടപെടുകയുമില്ല.

ബാംഗ്ലൂരിൽ സ്ഫോടനപരമ്പര നടത്തിയ രാജ്യദ്രോഹ കുറ്റമാണിത്. അത് അർഹിക്കുന്ന ഗൗരവത്തോടെയാണ് സിറ്റിപോലീസ് അന്വേഷിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

മഅ്ദനിയെ അറസ്റ്റ് ചെയ്തേ പോലീസ് മടങ്ങൂ -യെദ്യൂരപ്പ

ബാംഗ്ലൂർ: അബ്ദുന്നാസർ മഅ്ദനിയെ അറസ്റ്റ് ചെയ്യാൻ നിയോഗിച്ച പോലീസ് സംഘം അവരുടെ ദൗത്യം നിർവഹിച്ച ശേഷമേ മടങ്ങൂ എന്ന് കർണാടക മുഖ്യമന്ത്രി ബി.എസ്. യെദ്യൂരപ്പ പറഞ്ഞു. ബാംഗ്ലൂരിൽ ബുധനാഴ്ച രാത്രി ഒരു പരിപാടിയിൽ പങ്കെടുക്കാനെത്തിയ മുഖ്യമന്ത്രി മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിനോട് പ്രതികരിക്കുകയായിരുന്നു. മഅ്ദനിയെ അറസ്റ്റ്ചെയ്തേ മതിയാകൂ എന്ന നിലപാടിൽ കർണാടകം ഉറച്ചു നിൽക്കുന്നുവെന്ന സൂചനയാണിത് നൽകുന്നത്. അതേസമയം, അറസ്റ്റ് വിവരം ഔദ്യോഗികമായി അറിയിച്ചില്ലെന്ന കോടിയേരി ബാലകൃഷ്ണൻെറ അഭിപ്രായത്തോട് പ്രതികരിക്കാൻ യെദ്യൂരപ്പ തയ്യാറായില്ല.

അറസ്റ്റിൻെറ പേരിൽ കർണാടകവുമായി രാഷ്ട്രീയപ്പോര്

സ്വന്തം ലേഖകൻ

തിരുവനന്തപുരം: പി.ഡി.പി.ചെയർമാൻ അബ്ദുന്നാസർ മഅ്ദനിയുടെ അറസ്റ്റ് കൂടുതൽ സങ്കീർണതയിലേക്ക്. അറസ്റ്റിൽ കേരള പോലീസിൻെറ പങ്കാളിത്തമുണ്ടാക്കാൻ കർണാടകം ശ്രമിക്കുകയാണെന്ന് സംസ്ഥാന ആഭ്യന്തര വകുപ്പ് സംശയിക്കുന്നു. പ്രശ്നത്തിൽ നിന്ന് പരമാവധി മാറിനിൽക്കാനും അറസ്റ്റ് വൈകിപ്പിക്കാനും കേരള പോലീസും ശ്രമിക്കുന്നു. ഇതോടെ ആഗസ്റ്റ് 15ന് മുൻപ് അറസ്റ്റ് നടക്കാനുള്ള സാധ്യത ഇല്ലാതായിട്ടുണ്ട്.

മഅ്ദനിയെ അറസ്റ്റ് ചെയ്യാൻ സി.ഐ.റാങ്കിലുള്ള ഉദ്യോഗസ്ഥനെ അയച്ചതിലും അറസ്റ്റിനെക്കുറിച്ച് നേരത്തെ അറിയിക്കാത്തതിലും കർണാടകത്തിൻെറ രാഷ്ട്രീയക്കളിയുണ്ടെന്ന് കേരളം സംശയിക്കുന്നു. മഅ്ദനിയുടെ അറസ്റ്റിനെക്കുറിച്ച് കർണാടക സർക്കാർ കേരളത്തെ ഒന്നും അറിയിച്ചിട്ടില്ലെന്ന് ആഭ്യന്തര മന്ത്രി കോടിയേരി ബാലകൃഷ്ണൻ പറയുന്നു. ''അറസ്റ്റ് വിവരം കർണാടക സർക്കാർ കേരളവുമായി ചർച്ചചെയ്തിട്ടില്ല. മുതിർന്ന ഉദ്യോഗസ്ഥ തലത്തിൽപ്പോലും വിവരങ്ങൾ കൈമാറിയിട്ടില്ല.

കർണാടക പോലീസിലെ സി.ഐ.റാങ്കിലുള്ള ഉദ്യോഗസ്ഥൻ കൊല്ലം എസ്.പി.യുമായി ചർച്ച നടത്തിയെന്നാണ് എനിക്ക് കിട്ടിയ വിവരം. എപ്പോൾ അറസ്റ്റ് വേണമെന്ന് തീരുമാനിക്കേണ്ടത് കർണാടകമാണ്. എന്നാൽ ആവശ്യമായ സഹായം കേരളം നൽകും'' -കോടിയേരി പറഞ്ഞു. കർണാടകത്തിലെ ബി.ജെ.പി.സർക്കാർ രാഷ്ട്രീയം കളിക്കുകയാണെന്ന് കേരളത്തിലെ ആഭ്യന്തരവകുപ്പ് സംശയിക്കുന്നു. അതുകൊണ്ടുതന്നെ മഅ്ദനി പ്രശ്നത്തിൽ നിന്ന് പരമാവധി ഒഴിഞ്ഞുനിൽക്കാനും കേരളപോലീസ് ശ്രദ്ധിക്കുന്നു. മഅ്ദനിയെ പിടിച്ചുകൊടുത്ത സർക്കാർ എന്ന ചീത്തപ്പേരുണ്ടാക്കാൻ സംസ്ഥാനഭരണകൂടത്തിന് താത്പര്യമില്ല.

കേരള സർക്കാരിൻെറ ഈ സന്ദിഗ്ധാവസ്ഥ അറിഞ്ഞുകൊണ്ട് കർണാടകം മഅ്ദനി പ്രശ്നത്തെ വലിച്ചുനീട്ടുകയാണെന്നും ആഭ്യന്തര വകുപ്പ് സംശയിക്കുന്നു.

ഇടത് അപചയത്തിനെതിരെ കമ്യൂണിസ്റ്റ് കൂട്ടായ്മ

പി.എസ്. നിർമല

ഡൽഹിയിൽ നടന്ന അഖിലേന്ത്യാ ഇടതുപക്ഷ കൺവെൻഷനിൽ കെ.എസ്. ഹരിഹരൻ, മംഗത്‌രാം പസ്‌ല, ഭീംറാവു ബൻസോദ്, ദീപാങ്കുർ ഭട്ടാചാര്യ, എം.ആർ. മുരളി എന്നിവർ

ന്യൂഡൽഹി: യാഥാർഥ ഇടതുപക്ഷം തങ്ങളാണെന്ന് അവകാശപ്പെട്ട് കമ്യൂണിസ്റ്റ് വേരുകളുള്ള നാലു പാർട്ടികൾ ബുധനാഴ്ച ഡൽഹിയിൽ നടന്ന 'അഖിലേന്ത്യാ ഇടതു കൺവെൻഷ'നിൽ ഒരുമിച്ചു. സി.പി.എമ്മിൽനിന്നു പല കാലഘട്ടങ്ങളിലായി തെറ്റിപ്പിരിഞ്ഞവരും അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ കാലത്തേ വഴിപിരിഞ്ഞവരും ചേർന്ന് 'ഇടത് അപചയ'ത്തിനെതിരെ ഒരുമിക്കാനുള്ള ആഹ്വാനത്തോടെ 'ഡൽഹി പ്രഖ്യാപനം' പാസ്സാക്കി.

കേരളത്തിലെ സി.പി.എമ്മിൽ നിന്ന് ഒരുകൊല്ലം മുൻപ് പുറത്തുവന്നവർ ചേർന്ന് രൂപവത്കരിച്ച ഇടത്ഏകോപനസമിതി, സി.പി.എം.(പഞ്ചാബ്) എന്ന പേരിലുള്ള പഞ്ചാബിലെ വിമതഘടകം, '42-ൽ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിൽനിന്നു വിട്ടുപോയ 'ലാൽനിശാൻ പാർട്ടി'യുടെ ലെനിനിസ്റ്റ് ഘടകം എന്നിവയാണ് സി.പി.ഐ. (എം.എൽ.)ൻെറ ആഭിമുഖ്യത്തിൽ ഒരു കുടക്കീഴിൽ അണിനിരന്നത്. ഇടത്ഏകോപനസമിതിയുടെ 22 പേർ കൺവെൻഷനിൽ പങ്കെടുക്കാൻ കേരളത്തിൽ നിന്നെത്തിയിരുന്നു.

സി.പി.എം. ഇന്ന് ഒരു കമ്യൂണിസ്റ്റ് പാർട്ടിയല്ല. അവർ വലതുപക്ഷ ചിന്തയുമായി കൈകോർത്തിരിക്കുന്നു. പാർട്ടിക്കുള്ളിൽ ചർച്ചയില്ല, ജനാധിപത്യമില്ല. കോർപ്പറേറ്റുകളുടെ തത്ത്വശാസ്ത്രമാണ് പാർട്ടി സ്വീകരിച്ചിരിക്കുന്നത്.

കമ്പനികളും വ്യവസായങ്ങളും തുടങ്ങുന്നു, പാവപ്പെട്ടവരുടെ കാര്യം നോക്കാൻ മാത്രം സമയമില്ല- സമ്മേളനത്തിൽ ഇടത് ഏകോപനസമിതി നേതാവ് പി. കുമാരൻകുട്ടി പറഞ്ഞു.

മംഗത് രാംപസ്‌ല (സി.പിഎം.-പഞ്ചാബ്), ഭീംറാവു ബൻസോദ് (ലാൽ നിശാൻ പാർട്ടി), സ്വപൻ മുഖർജി, വി. ശങ്കർ, കവിതാകൃഷ്ണൻ, രാംജിറായ് സ്വദേശ് ഭട്ടാചാര്യ (സി.പി.ഐ-എം.എൽ.) തുടങ്ങിയവർ കൺവെൻഷനിൽ പങ്കെടുത്തു.

Available at all leading Appliances & Electrical Outlets
For Trade Enquiries: CALICUT: **Right Marketing**, Kozhikode, Ph: 0495-2724648, 93880 09668,
WAYANAD: **Soorya Distributors,** Mananthavadi, Ph: 04935-242523, 99614 44800, 94479 74076
For Service: CALICUT: 99476 96954 WAYANAD: 94476 40318